**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 417** **04-07-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ടൂറിസം വികസിപ്പിക്കുന്നതിന് സംസ്ഥാനത്ത് ലഭ്യമായ സാധ്യതകൾ എന്തൊക്കെയാണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; | (എ) | ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ‘ കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് ’ എന്ന പദ്ധതി 2021 സെപ്തംബർ മാസം ആരംഭിച്ചിട്ടുണ്ട്. അഞ്ചു വിഭാഗങ്ങളിലായാണ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നത്.<br><br>കാറ്റഗറി 1- പുരയിടത്തിലെ കൃഷി - 25 സെന്റ് വരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) - കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപ്പന ശൃംഖലയിൽ ഉൾപ്പെടുത്തും<br><br>കാറ്റഗറി 2- ഫാം വിസിറ്റ് യൂണിറ്റുകൾ- 25 സെന്റ് മുതൽ 1 ഏക്കർ വരെ- ഉൽപ്പന്ന വിൽപ്പനയ്ക്കും ഫാം സന്ദർശനത്തിനുമായി നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തും.<br><br>കാറ്റഗറി 3- ഫാം ആക്ടിവിറ്റി സെന്ററുകൾ- 1 ഏക്കർ മുതൽ 10 ഏക്കർ വരെ- വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റെസ്റ്റോറന്റുകൾ, ഉൽപ്പന്ന വിൽപ്പന ഔട്ട്‌ലെറ്റ്, മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ തുടങ്ങിയവ.<br><br>കാറ്റഗറി 4 - ഫാം സ്റ്റേകൾ - താമസ സൗകര്യവും ഹോംസ്റ്റേ/ഗൃഹസ്ഥലി/ സർവീസ്ഡ് വില്ലകൾ/ ടെന്റ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയിൽ ഏതിലെങ്കിലും ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ/ തദ്ദേശ സ്വയം ഭരണ സ്ഥാപന ലൈസൻസ് ഉള്ള ഫാമിംഗ് യൂണിറ്റുകൾ ഈ വിഭാഗത്തിൽ വരുന്നു.<br><br>കാറ്റഗറി 5 - ഫാം ടൂറിസം സെന്റർ- 10 ഏക്കർ മുതൽ 50 ഏക്കർ വരെ - ഗ്രീൻ ഫാംസ് കേരള നിയമങ്ങൾ പ്രകാരമുള്ള യൂണിറ്റുകൾ |

| | | | |
|---|---|---|---|
| | | | ഇത് കൂടാതെ സംസ്ഥാന കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 64 ഫാമുകളിൽ ചിലതിൽ കാർഷിക ടൂറിസം വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തുമായി ആലോചിച്ച് ഫാം ഓഫീസർമാർ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ഫാമുകളായ പെരിങ്ങമ്മല, നേര്യമംഗലം, അഞ്ചൽ, കൂത്താളി, തളിപ്പറമ്പ്, വെജിറ്റബിൾ ഫാം വണ്ടിപ്പെരിയാർ, വിത്ത് തോട്ടം മുണ്ടേരി എന്നിവിടങ്ങളിൽ ഇതിനായുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | എങ്കിൽ കാർഷിക മേഖലയെ സമ്പൂർണ്ണമായി ടൂറിസവുമായി ബന്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ; | (ബി) | കാർഷിക മേഖലയെ സമ്പൂർണ്ണമായി ടൂറിസവുമായി ബന്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടിയാണ് കേരള അഗ്രി ടൂറിസം നെറ്റ് വർക്ക് പദ്ധതി. കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപ്പന ശൃംഖല, ഫാം വിസിറ്റ് യൂണിറ്റുകൾ, ഫാം ആക്റ്റിവിറ്റി സെന്ററുകൾ, വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റെസ്റ്റോറന്റുകൾ, ഉൽപ്പന്ന വിൽപ്പന ഔട്ട്ലെറ്റ്, മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ എന്നിവ വഴി കേരളത്തിലെ എല്ലാ വിധത്തിലുള്ള കർഷകരെയും ടൂറിസവുമായി ബന്ധിപ്പിക്കുന്നു. |
| (സി) | കാർഷിക ടൂറിസം പ്രാവർത്തികമാക്കിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കാർഷിക ടൂറിസം പ്രാവർത്തികമാക്കിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പദ്ധതിയാണ് ‘കേരള അഗ്രി ടൂറിസം നെറ്റ് വർക്ക്’. പ്രസ്തുത പദ്ധതി വഴി കർഷകർക്ക് ടൂറിസവുമായി ബന്ധപ്പെട്ട് വരുമാന ലഭ്യത ഉറപ്പ് വരുത്തുന്നു. പദ്ധതിയുടെ ഭാഗമാകുവാൻ താൽപ്പര്യമുള്ളവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും 952 പേർ 2 ഘട്ടങ്ങളിലായി പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 452 യൂണിറ്റുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു. 103 യൂണിറ്റുകൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രത്യേക ടൂർ പാക്കേജുകളും ഇതിന്റെ ഭാഗമായി യൂണിറ്റുകൾ ഒരുക്കുന്നുണ്ട്.<br><br>കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ ഭാഗമായി കേരള അഗ്രി ടൂറിസം നെറ്റ് വർക്കിൽ രജിസ്റ്റർ ചെയ്ത് യൂണിറ്റുകളിൽ കഴിഞ്ഞ സാമ്പത്തികവർഷം 16,86,000/- രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്ഷയിച്ചു പോയേക്കാവുന്ന പരമ്പരാഗത കാർഷിക രീതികളെയും ഗ്രാമീണ ജീവിതത്തിന്റെ വിശുദ്ധിയെയും നിലനിർത്താൻ കാർഷിക ടൂറിസം പര്യാപ്തമാണോയെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | കാർഷിക രീതികളെയും ഗ്രാമീണ ജീവിതത്തിന്റെ വിശുദ്ധിയെയും നിലനിർത്തുന്നതിന് 'കേരള അഗ്രി ടൂറിസം നെറ്റ് വർക്ക്' പദ്ധതി സഹായകരമാകുന്നുണ്ട് എന്നാണ് വിലയിരുത്തൽ . |

സെക്ഷൻ ഓഫീസർ